പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4863

22/03/2018 ൽ മറുപടിക്ക്

**ശബരിമലയിൽ ദേവസ്വം ബോർഡിന് ലഭിച്ചിട്ടുള്ള ഭൂമി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിൽ ദേവസ്വം ബോർഡിന് എത്രമാത്രം ഭൂമിയാണ് ലഭിച്ചിട്ടുള്ളത്; ഈ ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഈ ഭൂമിയുടെ ഉടമസ്ഥാവകാശം മാത്രമാണോ ഉള്ളത്; അതോ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടുണ്ടോ; | (എ) | ശബരിമലയിൽ 67.7 ഏക്കറും, പമ്പയിൽ 28.5 ഏക്കറും നിലയ്ക്കലിൽ 110 ഹെക്ടർ ഭൂമിയും തിരുവിതാംകൂർ ദേവസ്വം ബോർഡിന് കൈവശമുണ്ട്. ഈ ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്. ബഹു. ഹൈക്കോടതി നിർദ്ദേശ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ്, വനം വകുപ്പും റവന്യൂ വകുപ്പും ചേർന്ന് സംയുക്ത സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന് ഉടമസ്ഥാവകാശം പട്ടയം എന്നിവ ലഭിച്ചിട്ടില്ല. |
| (ബി) | ദേവസ്വം ബോർഡിന് ലഭിച്ചിട്ടുള്ള ഭൂമി യിൽ, ഹൈക്കോടതി നിർദ്ദേശ പ്രകാരം ശബരിമല ഉത്സവ സീസണിൽ വച്ച കടകൾ, വനംവകുപ്പ് ഉദ്യോഗസ്ഥർ പൊളിച്ചു കളഞ്ഞതായ വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. ഇക്കാര്യത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുമായി അതാതു സമയങ്ങളിൽ ചർച്ച നടത്തി പരിഹാരമുണ്ടായിട്ടുള്ളതാണ്. |
| (സി) | ശബരിമലയിലെ ടോയ് ലറ്റ് കോംപ്ലക്സ് ഇത്തരത്തിൽ നശിപ്പിക്കപ്പെട്ടതായി പത്ര ത്തിൽ വാർത്ത വന്നത് ശരിയാണോ; എങ്കിൽ ആരാണ് ഇത് നശിപ്പിച്ചത്; ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തുകയുണ്ടായോ; കുറ്റക്കാ രായവർ ആരൊക്കെയെന്ന് കണ്ടെത്തുന്ന തിനും അവർക്കെതിരെ നടപടി സ്വീകരിക്കു ന്നതിനും തയ്യാറാവുമോ; | (സി) | പത്രവാർത്ത ശ്രദ്ധയിൽപ്പെട്ട പ്രകാരം ഒരു ടോയ് ലറ്റ് ബ്ലോക്ക് പൊളിച്ച് മാറ്റിയതിനെതിരെ പമ്പ സർക്കിൾ ഇൻസ്പെക്ടർക്ക് പരാതി നൽകിയിട്ടുണ്ട്. |
| (ഡി) | ദേവസ്വം ബോർഡിന്റെ ഭൂമി സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിനായി റവന്യൂ, വനം എന്നീ വകുപ്പുകളെ കൂടി ഉൾപെടുത്തി സംയുക്ത പരിശോധന നടത്തി കൃത്യമായ അതിർത്തി നിർണ്ണയിച്ച് ദേവസ്വം ബോർഡിന്റെ ഭൂമി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | സ്വീകരിച്ചു വരുന്നു. |
| (ഇ) | ഭാവിയിൽ ദേവസ്വം ബോർഡ് വക ഭൂമിയിൽ മറ്റ് വകുപ്പുകളുടെ ഇടപെടലുകൾ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഇ) | ഇപ്പോൾ വനം വകുപ്പുമായി ചേർന്ന് നടക്കുന്ന സംയുക്ത സർവ്വേ പൂർത്തിയാക്കിയ ശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിന് അവകാശപ്പെട്ട വസ്തുക്കൾ നിയമാനുസൃതം അടയാളങ്ങൾ സ്ഥാപിച്ച് സംരക്ഷിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ